**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1278** **03-02-2026 - ൽ മറുപടിയ്ക്ക്**

**ശോചനീയാവസ്ഥയിലുള്ള റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ശോചനീയാവസ്ഥയിലുള്ളതുമായ പൊതുമരാമത്ത് റോഡുകൾ നവീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടും പത്ത് വർഷത്തിലധികമായി നവീകരിക്കാത്തതും ശോചനീയാവസ്ഥയലുള്ളതുമായ നിരവധി റോഡുകൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഈ റോഡുകൾ നവീകരിക്കുന്നതിന് തുക വകയിരുത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് റോഡ് പരിപാലനം ഉറപ്പാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്റ്റ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | മങ്കട മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർക്കാട് -ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ ദീർഘകാലമായി ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പൂർണ്ണമായി ബി.എം.& ബി.സി. ചെയ്ത് നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | തിരൂർക്കാട് ആനക്കയം റോഡിൽ കി.മീ. 6/800 മുതൽ 10/000 വരെ 4.5 കോടി രൂപയുടെ ബി.എം. & ബി.സി. പ്രവൃത്തിക്ക് ടെണ്ടർ ആയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ടി ഭാഗം നവീകരിക്കുന്നതാണ്. കൂടാതെ തിരൂർക്കാട് ആനക്കയം റോഡ് പുനരുദ്ധരിക്കുന്നതിനായി 26 കോടി രൂപ കൂടി CRF-ൽ അനുവദിച്ചിട്ടുണ്ട്. കുളത്തൂർ മലപ്പുറം റോഡിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി നിലവിലുണ്ട്. ആയതിൽ ഉൾപ്പെടുത്തി പാച്ച് വർക്ക് നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ